# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3590 — 22.08.2017 — ൽ മറുപടിക്ക്

## റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളിൽ വിതരണം ചെയ്യുന്നത് ഗുണനിലവാരം കുറഞ്ഞ അരിയും ഗോതമ്പുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) എഫ്.സി.ഐ. മുദ്രണം ഉള്ള പ്രിന്റഡ് ചാക്കുകളിൽ സ്റ്റിച്ചിങ്ങോടുകൂടിയേ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ നൽകാവൂ എന്നതാണോ നിയമമെന്ന് വ്യക്തമാക്കുമോ; | (ബി) എഫ്.സി.ഐ.യിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. മുദ്രണം ഉള്ള സ്റ്റിച്ചിങ്ങോടുകൂടിയ ചാക്കുകളിൽ തന്നെയാണ് റേഷൻ കടകളിൽ വിതരണത്തിന് ലഭ്യമാക്കുന്നത്. |
| (സി) എന്നാൽ ഇപ്പോൾ മിക്ക റേഷൻ കടകളിലും എഫ്.സി.ഐ. മുദ്രണം ഉള്ള ചാക്കുകൾ കുത്തിക്കെട്ടിയ നിലയിലാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഓരോ ജില്ലകൾക്കും അനുവദിച്ചിട്ടുള്ള കൃത്യമായ അളവിൽ വിതരണം ചെയ്യേണ്ടതിലേക്ക് ചില ചാക്കുകളിൽ കുത്തിക്കെട്ടിയ നിലയിൽ വിതരണം ചെയ്യുന്നുണ്ട്. |
| (ഡി) ഇതുമൂലം ലഭിച്ച ഭക്ഷ്യ സാധനങ്ങൾ ഉപയോഗിക്കാൻ നിവൃത്തിയില്ലാതെ കാർഡുടമകൾ ഇത് കോഴിത്തീറ്റയാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിശോധിക്കുമോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഇ) | റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തിയാണ് സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നത്. കൂടാതെ എല്ലാ റേഷൻ കടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യ ധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ